# കേരള സർവകലാശാല

നം. പി.ആർ.056/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം)പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി മാർച്ച് 16 മുതൽ 23 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ പുനർമൂല്യനിർണയ വിഭാഗത്തിൽ ഹാജരാകണം.

### ബി.എ സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷിച്ചവർ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി മാർച്ച് 17 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ഇ.ജെ V (പുനർമൂല്യനിർണയം) സെക്ഷനിൽ ഹാജരാകണം.

### അക്കാദമിക ധാരണ

കേരള സർവകലാശാല അറബി വിഭാഗവും ഖത്തർ സർവകലാശാല അറബി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ അറബിക് ലാംഗ്വേജ് ഫോർ നോൺനേറ്റീവ് സ്പീക്കേഴ്‌സും തമ്മിൽ അക്കാദമിക സഹകരണത്തിനായുള്ള ധാരണയായി. അറബി ഭാഷ പഠനത്തിൽ ആഗോളതലത്തിൽ ഏറ്റവും കൂടുതൽ ആശ്രയിക്കപ്പെടുന്ന സ്ഥാപനങ്ങളിലൊന്നായ സെന്ററുമായി ധാരണയിലെത്തിയത് അറബി ഭാഷ അദ്ധ്യാപനത്തിൽ ഏറെ സഹായകമാകും. ധാരണപ്രകാരം അറബി വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഖത്തർ സർവകലാശാല നടത്തുന്ന കോഴ്‌സുകളിൽ ചേർന്ന് പഠിക്കാനുള്ള വിമാനയാത്രയുൾപ്പെടെയുള്ള ചെലവുകൾ സെന്റർ വഹിക്കും. അറബി ഭാഷ അദ്ധ്യാപനത്തിന് കേരള സർവകലാശാല നൽകുന്ന പ്രാധാന്യത്തെ സെന്റർ ഡയറക്ടർ ഡോ. അബ്ദുല്ല അബ്ദുറഹ്മാൻ പ്രശംസിച്ചു.

### ബി.എഡ് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 21-ന് നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (ദ്വിവത്സര കോഴ്സ് - 2015 സ്കീം - റെഗുലർ & സപ്ലിമെന്ററി) പരീക്ഷകൾക്ക് മാർച്ച് 16 മുതൽ ഓൺലൈനായി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. പിഴകൂടാതെ മാർച്ച് 23 (50 രൂപ പിഴയോടെ മാർച്ച് 25, 250 രൂപ പിഴയോടെ മാർച്ച് 28) വരെ ഫീസടച്ച് അപേക്ഷിക്കാം.

### ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും മാർച്ച് 31 വരെ അപേക്ഷിക്കാം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല മാർച്ച് 17-ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക്(2008 സ്കീം) പരീക്ഷക്ക് ഓയൂർ ട്രാവൻകൂർ എഞ്ചിനിയറിംഗ് കോളേജ് പരീക്ഷ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ കൊല്ലം വടക്കേവിള യൂനുസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജിയിൽ പരീക്ഷ എഴുതേണ്ടതാണ്. തിരിച്ചറിയൽ രേഖയുമായി വന്ന് ഹാൾടിക്കറ്റുകൾ യൂനുസ് കോളേജിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.
(തിരുവനന്തപുരം, കൊല്ലം എഡിഷനിൽ പ്രസിദ്ധീകരിക്കാനുള്ളത്)

## ത്രിദിന അന്താരാഷ്ട്ര സെമിനാറിന്റെ രണ്ടാം ദിനം

ഇന്ത്യയുടെ പണ-ധന നയത്തിലെ മാറുന്ന പ്രവണതകൾ എന്ന വിഷയത്തെ അധികരിച്ച് കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് റൂസയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സെമിനാറിന്റെ രണ്ടാം ദിവസം മാർച്ച് 15-ന് രാവിലെ 9.30-ന് സെനറ്റ് ചേംബറിൽ ആരംഭിച്ചു.വിവിധ സെഷനുകളിലായി കേരള പ്ലാനിംഗ് ബോർഡ് അംഗം പ്രൊഫ. മൃദുൽ ഈപ്പൻ, ജെ.എൻ.യു. സ്കൂൾ ഓഫ് സയൻസ് മേധാവി പ്രൊഫ. സി.പി. ചന്ദ്രശേഖർ, സി.കൃഷ്ണൻ, പ്രൊഫ. ഡി.നാരയണ, പ്രൊഫ. ഷൈജൻ ഡേവിസ്, അബ്ദുൾ ജലീൽ തുടങ്ങിയവർ പ്രസംഗിച്ചു.

തിരുവനന്തപുരം.
15.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ